തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നാൽപ്പത്തിയേഴാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ

## തിരൂർ, 2020 നവംബർ 13, രാവിലെ 10.30 ന്

### (ഗൂഗിൾമീറ്റ് വീഡിയോ കോൺഫറൻസ് വഴി)

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ അജിത് കെ ജോസഫ് (അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യവകുപ്പ്)
5. ഡോ. എ.കെ. നമ്പ്യാർ
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.കെ.എൻ. കുറുപ്പ്
8. ശ്രീമതി എ.ജി. ഒലീന
9. ശ്രീ കെ.പി. രാമനുണ്ണി
10. ഡോ. എം.വി. പത്മനാഭൻ
11. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ഷൈജൻ ഡി. (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനയായിരുന്നു.

അംഗങ്ങൾക്ക് കേരളപ്പിറവി ആശംസകൾ നേർന്നുകൊണ്ട് 47-ാമത് നിർവാഹകസമിതിയോഗനടപടികൾ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ രാവിലെ 10.30 ന് ആരംഭിച്ചു. യോഗാരംഭത്തിൽ, പുതുതായി നിർവാഹകസമിതിയിൽ അംഗങ്ങളായെത്തിയ ശ്രീ കെ.പി. രാമനുണ്ണി, ഡോ. എം.വി. പത്മനാഭൻ, ശ്രീമതി എ.ജി. ഒലീന എന്നിവരെയും രജിസ്ട്രാറായി നിയമിതനായ ഡോ. ഷൈജൻ ഡി. യേയും വൈസ് ചാൻസലർ സ്വാഗതം ചെയ്തു. മൊയാരത്ത് ശങ്കരൻ സ്മാരക പുരസ്കാരം ലഭിച്ച നിർവാഹകസമിതി അംഗം ഡോ. കെ. കെ.എൻ. കുറുപ്പിനെ അഭിനന്ദിച്ചു. മറ്റ് സർവകലാശാലകളിൽ എം.എ. പ്രവേശനം പോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ ക്ലാസുകൾ നവംബർ 2 ന് ആരംഭിക്കാൻ സാധിച്ചത് നേട്ടമായി ചൂണ്ടികാണിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2020.52**

വിഷയം: **46-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 46-ാമത് യോഗതീരുമാനങ്ങളുടെ സ്ഥിരീകരണത്തെക്കുറിച്ച് നടത്തിയ ചർച്ചയിൽ 2020.51 -ാമത് തീരുമാനത്തിന്റെ (v) ന്റെ തുടർച്ചയായി 'ഉപസമിതിയുടെ ശുപാർശകളും നിർവാഹകസമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളും അക്കാദമിക് കൗൺസിലിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.' എന്നു കൂടി ചേർത്തുകൊണ്ട് 46-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2020.53**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2020.54**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു

ഇനം നമ്പർ: **2020.55**

വിഷയം: **പരീക്ഷാകൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികയിലേക്കുള്ള നിയമനത്തിനായി രൂപീകരിച്ച സെലക്ഷൻകമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് തീരുമാനം എടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികളിലേക്കുള്ള നിയമനത്തിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി, നിർവാഹകസമിതി അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കി സമർപ്പിച്ച ശുപാർശ അംഗീകരിച്ച് സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 33(5) 2019 സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്ട്, ആദ്യ സ്റ്റാറ്റ്യൂട്ട്സ്, 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട്സ് 31 ലേയും വ്യവസ്ഥകൾക്ക് വിധേയമായി ഡോ. റെജിമോൻ പി.എം. നെ (ചീരൻ വീട്, മെയിൻ റോഡ്, പഴഞ്ഞി പി.ഒ., കുന്നംകുളം, തൃശ്ശൂർ) പരീക്ഷാകൺട്രോളറായും, സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 34 (1) 2019 സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്ട്, , ആദ്യ സ്റ്റാറ്റ്യൂട്ട്സ്, 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട്സ് 40, 41 ലേയും വ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി മാരിയറ്റ് തോമസിനെ (ആകാശ് വില്ല, എഫ്.എ.സി. ക്രോസ് റോഡ്, പൊന്നുരുന്നി, വൈറ്റില പി.ഒ., കൊച്ചി, എറണാകുളം) ഫിനാൻസ് ഓഫീസറായും നാല് വർഷക്കാലയളവിലേക്ക് നിയമിക്കുവാൻ ഐകകണ്ഠേന തീരുമാനിച്ചു. ഈ തീരുമാനപ്രകാരമുള്ള നിയമനോത്തരവുകൾ നൽകുവാൻ വൈസ് ചാൻസലറെ അധികാരപ്പെടുത്തുന്നു.

(924/2020/എ1/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2020.56(എ)**

വിഷയം: **ഭാഷാശാസ്ത്രഫാക്കൽറ്റിക്കു കീഴിൽ 'കമ്പ്യൂട്ടറധിഷ്ഠിത മലയാളബോധനസാമഗ്രി: മാതൃകാനിർമ്മിതിയും സമീപനവും' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ശ്രീമതി ഐശ്വര്യ പി.ക്ക് വാചാപരീക്ഷാ ബോർഡ് ശുപാർശ പരിഗണിച്ച് പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: മൂല്യനിർണയസമിതിയുടെ ശുപാർശ അംഗീകരിച്ച് ശ്രീമതി ഐശ്വര്യ പി.ക്ക് 'കമ്പ്യൂട്ടറധിഷ്ഠിത മലയാളബോധനസാമഗ്രി: മാതൃകാനിർമ്മിതിയും സമീപനവും' എന്ന വിഷയത്തിൽ ഭാഷാശാസ്ത്രഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

(3545/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2020.56(ബി)**

വിഷയം: **ഭാഷാശാസ്ത്രഫാക്കൽറ്റിക്കു കീഴിൽ 'മലയാളയന്ത്രവിവർത്തനത്തിലെ വാക്യഘടനാപ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ശ്രീമതി പ്രജിഷ എ.കെ. ക്ക് വാചാപരീക്ഷാ ബോർഡ് ശുപാർശ പരിഗണിച്ച് പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: മൂല്യനിർണയസമിതിയുടെ ശുപാർശ അംഗീകരിച്ച് ശ്രീമതി പ്രജിഷ എ.കെ.ക്ക് 'മലയാളയന്ത്രവിവർത്തനത്തിലെ വാക്യഘടനാപ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഭാഷാശാസ്ത്രഫാക്കൽറ്റിയിൽ പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

(3548/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2020.57**

വിഷയം: **നിലവിലുള്ള ഫീസ് വിവരപട്ടികയിൽ ഉൾച്ചേർക്കലും കൂട്ടിച്ചേർക്കലും വരുത്തുന്ന വിഷയം പരിഗണിച്ചു തീരുമാനിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പട്ടിക അംഗീകരിച്ചു.

(04/2019/ജനറൽ .പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2020.58**

വിഷയം: **മലയാളസർവകലാശാലയിലെ ചരിത്രപഠനവിഭാഗത്തിൽ അഡ്ജങ്റ്റ് ഫാക്കൽറ്റിയായി വിഖ്യാതചരിത്രകാരൻ ഡോ. എം.ആർ. രാഘവവാര്യരെ നിയമിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അഡ്ജങ്റ്റ് ഫാക്കൽറ്റി നിയമനകമ്മിറ്റിയുടെ ശുപാർശപ്രകാരം ചരിത്രപഠനവിഭാഗത്തിൽ അഡ്ജങ്റ്റ് ഫാക്കൽറ്റിയായി ഡോ. എം.ആർ. രാഘവവാര്യരെ ഒരു വർഷക്കാലത്തേക്ക് നിയമിക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തിന് നൽകേണ്ട പ്രതിഫലം നിയമാനുസൃതമായി നിശ്ചയിക്കുവാൻ വൈസ് ചാൻസലറെ യോഗം അധികാരപ്പെടുത്തി.

(2052/അഡ്ജങ്റ്റ് ഫാക്കൽറ്റി/2018/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.59**

വിഷയം: **മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പി.ജി. പ്രവേശനത്തിൽ 10% സംവരണം ഏർപ്പെടുത്തി സർക്കാർ 20.03.2020 ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നമ്പർ സ.ഉ.(എം. എസ്.) 128/2020/ഉ.വി.വ. സർവകലാശാലയിൽ നടപ്പിലാക്കികൊണ്ട് വൈസ് ചാൻസലർ ഇട്ട ഉത്തരവിന്റെ സാധൂകരണം സംബന്ധിച്ച്.**

തീരുമാനം: സാധൂകരിച്ചു.

(1800/എ1/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2020.60**

വിഷയം: **കാലിക്കറ്റ് സർവകലാശാലയിൽ നിന്നും ഡെപ്യൂട്ടി രജിസ്ട്രാറായി വിരമിച്ച ശ്രീ എം. നാരായണനെ ശ്രീ പി.കെ. സുബ്രഹ്മണ്യന്റെ സ്ഥാനത്ത് രജിസ്ട്രാറുടെ പേഴ്സണൽ അസിസ്റ്റന്റായി നിയമിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സാധൂകരിക്കുന്നത് സബന്ധിച്ച്**

തീരുമാനം: സാധൂകരിച്ചു.

(813/രജി/2018 - ഭരണവിഭാഗം)

ഇനം നമ്പർ: **2020.61**

വിഷയം: **സർവകലാശാലയിൽ രജിസ്ട്രാറായി നിയമിതനായ ഡോ. ഷൈജൻ ഡി.ക്ക് അടിസ്ഥാനശമ്പളം കാലിക്കറ്റ് സർവകലാശാലയിൽ പുതുതായി നിയമിതനായ രജിസ്ട്രാർക്ക് അനുവദിച്ചതുപോലെ രണ്ടു മുൻകൂർ ഇൻക്രിമെന്റ് നൽകി പുനർനിശ്ചയിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: രജിസ്ട്രാറായി നിയമിതനായ ഡോ. ഷൈജൻ ഡി.ക്ക് അടിസ്ഥാനശമ്പളത്തോട് രണ്ടു മുൻകൂർ ഇൻക്രിമെന്റും കൂടി നൽകികൊണ്ട് പുനർനിശ്ചയിക്കുവാൻ തീരുമാനിച്ചു.

(1427/എ1/2020/അക്കൗണ്ട്സ് - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2020.62**

വിഷയം: **കേരളസർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ് അനുവദിച്ച പരിഭാഷ - താരതമ്യപഠന കോഴ്സിന് പഠനബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർക്കാർ അനുവദിച്ച 'പരിഭാഷ - താരതമ്യപഠന കോഴ്സ്', സാഹിത്യ ഫാക്കൽറ്റിക്കു കീഴിൽ പ്രവർത്തിക്കുന്ന സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുള്ള എഴുത്തച്ഛൻ പഠനകേന്ദ്രത്തിന്റെ ഭാഗമായി ആരംഭിക്കണമെന്ന് തീരുമാനിച്ചു. പരിഭാഷ - താരതമ്യപഠന കോഴ്സിന് പഠനബോർഡ് രൂപീകരിക്കുന്നതിനായി വൈസ് ചാൻസലർ സമർപ്പിച്ച പാനലിലെ 10 അംഗങ്ങളോടൊപ്പം ഭാഷാപണ്ഡിതനായ ഡോ. ടി.ബി. വേണുഗോപാലപണിക്കരുടെ പേരുകൂടി ചേർത്തുക്കൊണ്ട് പാനൽ അംഗീകരിച്ചു.

**പരിഭാഷ – താരതമ്യപഠന കോഴ്സിന്റെ പഠനബോർഡ്**

1. ഡോ. കെ.എം. അനിൽ
2. ഡോ. ഇ.വി. രാമകൃഷ്ണൻ
3. ഡോ. എം.വി. നാരായണൻ
4. ഡോ. പ്രസാദ് പന്ന്യൻ (സെൻട്രൽ യൂണിവേഴ്സിറ്റി)
5. ഡോ. എൻ.കെ. സുന്ദരേശൻ (സംസ്കൃത വിഭാഗം, കാലിക്കറ്റ് സർവകലാശാല)
6. ഡോ. പി. ഗോപനാഥപിള്ള (മുൻ പ്രോ വൈസ്ചാൻസലർ, കാലിക്കറ്റ് സർവകലാശാല)
7. ഡോ. ഫാത്തിമ (ഗവ. ബ്രണ്ണൻ കോളേജ്)
8. ഡോ. റോയ് കെ.ബി. (ഗവ. കോളേജ്, പട്ടാമ്പി)
9. ഡോ. പി.ടി. രാമചന്ദ്രൻ (ഗണിതശാസ്ത്രവിഭാഗം, കാലിക്കറ്റ് സർവകലാശാല)
10. ഡോ. വി.കെ. സുബ്രഹ്മണ്യൻ
11. ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ

(538/2015/വി.സി. – ഭരണവിഭാഗം)

ഇനം നമ്പർ: **2020.63**

വിഷയം: **പുതുതായി കരാറിൽ നിയോഗിക്കുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർക്കാർ ഉത്തരവ് നടപ്പിലാക്കുമ്പോൾ ജീവനക്കാർക്ക് നിലവിൽ നൽകികൊണ്ടിരിക്കുന്ന സഞ്ചിതവേതനത്തിൽ കുറവുവരുന്നപക്ഷം നിലവിൽ വാങ്ങികൊണ്ടിരിക്കുന്ന ശമ്പളം സംരക്ഷിച്ചുകൊണ്ട് തൽസ്ഥിതി തുടരാനും നിയമാനുസൃതമായി നിലവിലെ സർക്കാർ ഉത്തരവ് നടപ്പാക്കാനും തീരുമാനിച്ചു.

(316/2017/വി.സി. – ഭരണവിഭാഗം)

യോഗം ഉച്ചക്ക് 12 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ